**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2435** **23-02-2026-ൽ മറുപടിയ്ക്ക്**

## <u>അഷ്വേർഡ് പെൻഷൻ പദ്ധതി</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പി. മോഹനൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമായി പങ്കാളിത്ത പെൻഷൻ പദ്ധതിക്ക് പകരമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പെൻഷൻ പദ്ധതിയുടെ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2026-27 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച അഷ്വേർഡ് പെൻഷൻ പദ്ധതിയിൽ അവസാന അടിസ്ഥാന ശമ്പളത്തിന്റെ 50% തുക പരമാവധി പെൻഷനായി ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ഡി.ആർ അനുവദനീയമാക്കുകയും ചെയ്യും. നിലവിലുള്ള NPS -ൽ നിന്നും അഷ്വേർഡ് പെൻഷനിലേക്ക് മാറാൻ ഓപ്ഷൻ ഉണ്ടായിരിക്കും. ജീവനക്കാരുടെയും സർക്കാരിന്റെയും വിഹിതം പ്രത്യേകം ഫണ്ടായി മാനേജ് ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാകും.

**(ബി)** നിലവിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാർ ഇതുവരെ വിഹിതമായി അടച്ച തുകയുടെയും സർക്കാർ നൽകിയ വിഹിതത്തിന്റെയും കാര്യത്തിൽ പുതിയ പദ്ധതിയിലേക്ക് മാറുമ്പോൾ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നിലവിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാർ ഇതുവരെ വിഹിതമായി അടച്ച തുകയുടെയും സർക്കാർ നൽകിയ വിഹിതത്തിന്റെയും കാര്യത്തിൽ പുതിയ പദ്ധതിയിലേക്ക് മാറുമ്പോൾ സ്വീകരിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**